**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6214** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വന ഡിവിഷനിലെ പാലോട് റെയിഞ്ചിൽ വനം വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരം ഗുണമേന്മ ഇല്ലെന്നു കണ്ടെത്തിയ ജണ്ടകളുടെ പുനർനിർമാണത്തിന് എത്ര കോടി രൂപയാണ് വേണ്ടതെന്ന് വ്യക്തമാക്കുമോ; | (എ) | വനം വിജിലൻസ് ജണ്ട പരിശോധന നടത്തിയത് സാമ്പിൾ പരിശോധനയിലൂടെയാണ്. പരിശോധനയിൽ ഗുണമേന്മയില്ലെന്ന് കണ്ടെത്തിയ ജണ്ടകളിൽ പ്രശ്നമില്ലാത്തവ, അറ്റകുറ്റപണി നടത്തി ഉപയോഗയോഗ്യമാക്കാൻ പറ്റുന്നവ, പുനർനിർമ്മിക്കേണ്ടവ, കണ്ടെത്താൻ സാധിക്കാത്തവ എന്നീ നാല് വിഭാഗങ്ങളായി തിരിച്ചുള്ള പരിശോധനയും കണക്കെടുപ്പും പുരോഗമിച്ചു വരുന്നതേയുള്ളൂ. ആയത് പൂർത്തിയായാൽ മാത്രമേ പുനർനിർമ്മാണത്തിനും, അറ്റകുറ്റപണികൾക്കും ആവശ്യമായി വരുന്ന തുക കണക്കാക്കാൻ സാധിക്കുകയുള്ളൂ. എങ്കിലും ഗുണമേന്മയില്ലെന്ന് കാണപ്പെട്ട ജണ്ടകളുടെ പുനർനിർമ്മാണപ്രവർത്തനങ്ങൾ, ടി ജോലികൾ ചെയ്ത കോൺട്രാക്ടർമാരുടെ സ്വന്തം നഷ്ടോത്തരവാദിത്വത്തിൽ തന്നെ നടത്തുന്നതിനായി പുനർ നിർമ്മാണത്തിന് തുക ആ വശ്യമായി വരുന്നില്ല. |
| (ബി) | പ്രസ്തുത ജണ്ട നിർമ്മാണത്തിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിയതിന് ഉത്തവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ? | (ബി) | നഷ്ടം ഈടാക്കിയിട്ടില്ല. വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19.09.2022-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജണ്ട നിർമ്മാണത്തിലെ വീഴ്ചകൾക്ക് ഉത്തരവാദികളാണെന്ന് കണ്ടെത്തിയ പാലോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ബി.അജിത്കുമാർ, പെരിങ്ങമ്മല സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.ആർ.ബി.അരുൺകുമാർ എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ